ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1037

# സൂറ - 33 / അൽ അഹ്സാബ്

## സൂക്തം: 38 - 40

നുബുവ്വത്ത് ഒന്നേയുള്ളൂ. അല്ലാഹുവിനാൽ നിയുക്തനാവുകയും അവനിൽനിന്ന് വെളിപാടു ലഭിക്കുകയുമാണത്. ഈ നിയോഗത്തോടും വെളിപാടിനോടുമുള്ള സമൂഹത്തിന്റെ സമീപനവും സാഹചര്യവമനുസരിച്ചാണ് ചില നബിമാർ കൂടുതൽ മഹനീയരാകുന്നത്. അല്ലാതെ, ഉയർന്നതും താഴ്ന്നതുമായ പലതരം നുബുവ്വത്തുകളുള്ളതുകൊണ്ടല്ല.

مَّا كَانَ عَلَى ٱلنَّبِيِّ مِنْ حَرَجٍ فِيمَا فَرَضَ ٱللَّهُ لَهُۥ ۖ سُنَّةَ ٱللَّهِ فِى ٱلَّذِينَ خَلَوْا۟ مِن قَبْلُ ۚ وَكَانَ أَمْرُ ٱللَّهِ قَدَرًا مَّقْدُورًا ﴿٣٨﴾

38. അല്ലാഹു നിശ്ചയിച്ചുതന്ന ജീവിതാവസ്ഥകളെ നേരിടുന്നതിൽ പ്രവാചകന് ബുദ്ധിമുട്ടൊന്നുമില്ല. പൂർവ പ്രവാചകന്മാരിലും ഉണ്ടായിട്ടുള്ള നടപടിക്രമമാണിത്. അല്ലാഹുവിന്റെ കൽപന അനിവാര്യമായി നടപ്പിലാക്കപ്പെടുന്ന അലംഘ്യമായ വിധിയത്രെ.

ٱلَّذِينَ يُبَلِّغُونَ رِسَـٰلَـٰتِ ٱللَّهِ وَيَخْشَوْنَهُۥ وَلَا يَخْشَوْنَ أَحَدًا إِلَّا ٱللَّهَ ۗ وَكَفَىٰ بِٱللَّهِ حَسِيبًا ﴿٣٩﴾

39. അല്ലാഹുവിന്റെ സന്ദേശങ്ങൾ പ്രബോധനം ചെയ്യുന്നവരും അവനെ മാത്രം ഭയപ്പെടുന്നവരും അവനല്ലാത്ത ആരെയും ഭയപ്പെടാത്തവരുമാണവർ. കണിശമായി വിചാരണ ചെയ്യാൻ മതിയായവനാണ് അല്ലാഹു.

**38,39**

مَّا كَانَ عَلَى النَّبِيِّ = പ്രവാചകന്റെ മേൽ ആയില്ല (പ്രവാചകന് ഇല്ല)
مِنْ حَرَجٍ = ബുദ്ധിമുട്ടൊന്നും
فِيمَا فَرَضَ اللَّهُ لَهُ = അല്ലാഹു അദ്ദേഹത്തിനു നിശ്ചയിച്ചതിൽ (ച്ചുതന്ന ജീവിതാവസ്ഥകളെ നേരിടുന്നതിൽ)
سُنَّةَ اللَّهِ فِي الَّذِينَ خَلَوْا مِن قَبْلُ = മുമ്പ് കഴിഞ്ഞുപോയ നടപടിക്രമം എന്ന നിലയിൽ (പൂർവ പ്രവാചകന്മാരിലും ഉണ്ടായിട്ടുള്ള നടപടിക്രമമാണിത്)
وَكَانَ أَمْرُ اللَّهِ = അല്ലാഹുവിന്റെ കൽപന ആയിരിക്കു(ആകു)ന്നു
قَدَرًا مَّقْدُورًا = വിധിക്കപ്പെട്ട വിധി (അനിവാര്യമായി നടപ്പിലാക്കപ്പെടുന്ന അലംഘ്യമായ വിധിയത്രെ)
الَّذِينَ يُبَلِّغُونَ رِسَالَاتِ اللَّهِ = അല്ലാഹുവിന്റെ സന്ദേശങ്ങൾ പ്രബോധനം ചെയ്യുന്നവരും
وَيَخْشَوْنَهُ = അവനെ (മാത്രം) ഭയപ്പെടുന്നവരും
وَلَا يَخْشَوْنَ أَحَدًا إِلَّا اللَّهَ = അല്ലാഹുവിനെയല്ലാതെ മറ്റാരെയും ഭയപ്പെടാത്തവരുമാണവർ
وَكَفَىٰ بِاللَّهِ = അല്ലാഹു മതിയായവനാകുന്നു
حَسِيبًا = കണിശമായി വിചാരണ ചെ(യ്യാൻ)യ്യുന്നവനായിട്ട്

അപവാദങ്ങളിലും ആക്ഷേപങ്ങളിലും തളർന്നുപോകരുതെന്ന് പ്രവാചകനെ ഉപദേശിക്കുകയാണ്. സൈനബിന്റെ വിവാഹം പോലുള്ള സംഭവങ്ങൾ പ്രവാചക ജീവിതം അഭിമുഖീകരിക്കണമെന്ന് അല്ലാഹു നിശ്ചയിച്ചിട്ടുള്ള പ്രതിസന്ധി

ഘട്ടങ്ങളിൽ പെട്ടതാകുന്നു. പ്രവാചകനെ പരിശീലിപ്പിക്കാനും പരീക്ഷിക്കാനുമായി അല്ലാഹുവിന്റെ കൃത്യമായ പദ്ധതിയും പരിപാടിയുമനുസരിച്ച് ഉളവാകുന്നതാണതൊക്കെ. അവയെ ക്ലേശങ്ങൾ മാത്രമായി കണ്ട് ഓടിയൊളിച്ചുകൂടാ. നിർബന്ധം, നിർബന്ധമായി ചെയ്യേണ്ട കർത്തവ്യം എന്നും നിശ്ചിത വിഹിതം എന്നും അർഥമുള്ള فَرْض-ൽനിന്നുള്ള ഭൂതകാല ക്രിയാവചനമാണ് فَرَضَ. ഒരാളുടെ മേൽ നിർബന്ധമായി നിർവഹിക്കാൻ ഒരു കർത്തവ്യം ചുമത്തുന്നതിന് فرض عليه എന്നും ഒരാൾക്ക് ഒരു വിഹിതം അല്ലെങ്കിൽ അവകാശം നീക്കിവെക്കുകയോ സങ്കൽപിക്കുകയോ ചെയ്യുന്നതിന് فرض له എന്നും പറയുന്നു. പ്രവാചകൻ നേരിടണമെന്ന് അല്ലാഹു നിശ്ചയിച്ചുവെച്ച വ്യത്യസ്ത ജീവിതാവസ്ഥകളെയാണ് ഇവിടെ مَا فَرَضَ اللَّهُ لَهُ എന്നു പറഞ്ഞിരിക്കുന്നത്. ഇത് ഈ പ്രവാചകന് മാത്രമുണ്ടാകുന്ന അനുഭവമല്ല. പൂർവ പ്രവാചകന്മാരിലൊക്കെയും അല്ലാഹു നടപ്പാക്കിയിട്ടുള്ള നടപടിക്രമമാകുന്നു. ആ നടപടിക്രമം പ്രത്യക്ഷമാകേണ്ട സമയവും അവൻ നിശ്ചയിച്ചിരിക്കുന്നു. ഓരോന്നും അതിന്റെ സമയമാകുമ്പോൾ അവന്റെ ആജ്ഞാനുസാരം നടപ്പിലാകുന്നു. അതായത് പ്രവാചക ജീവിതത്തിൽ സംഭവിക്കുന്നതൊന്നും യാദൃഛികമായി സംഭവിക്കുന്നതല്ല. അതിനാൽ ഒരു പ്രശ്നമുണ്ടാകുമ്പോൾ അത് യാദൃഛികമായി വന്നു ഭവിച്ചിരിക്കുന്നുവെന്ന് കരുതി പരിഭ്രമിക്കേണ്ടതില്ല. അവഗണിച്ചു തള്ളേണ്ടതുമില്ല. എല്ലാം അല്ലാഹുവിങ്കൽനിന്നുണ്ടാകുന്നതാണെന്നു മനസ്സിലാക്കി അവന്റെ നിർദേശങ്ങളനുസരിച്ച് ക്ഷമയോടെ നേരിടുകയുമാണ് വേണ്ടത്. അതാണ് സത്യവിശ്വാസം താൽപര്യപ്പെടുന്ന നിലപാട്. ഈ ആശയമാണ് وَكَانَ أَمْرُ اللَّهِ قَدَرًا مَّقْدُورًا എന്ന വാക്യം പ്രകാശിപ്പിക്കുന്നത്.

ഈ സൂക്തത്തിലെ حَرَج-നെ ചിലർ നിരോധമായി കണ്ടിരിക്കുന്നു. അല്ലാഹു നിശ്ചയിച്ചുകൊടുത്ത വിവാഹ ബന്ധങ്ങളാണ് مَا فَرَضَ اللَّهُ . അവരുടെ വ്യാഖ്യാനം ഇങ്ങനെ: അത്തരം വിവാഹങ്ങൾ നടത്തുന്നതിന് പ്രവാചകന് യാതൊരു നിരോധവും ഏർപ്പെടുത്തിയിട്ടില്ല. പൂർവ പ്രവാചകന്മാർക്കും അല്ലാഹു അനുവദിച്ചുകൊടുത്തിട്ടുള്ള നടപടിയാണതൊക്കെ. ദാവൂദ് നബിക്ക് നൂറു ഭാര്യമാരും മുന്നൂറ് വെപ്പാട്ടികളുമുണ്ടായിരുന്നു. മുന്നൂറു സ്ത്രീകളുടെ ഭർത്താവായിരുന്നു സുലൈമാൻ നബി. അദ്ദേഹത്തിനുണ്ടായിരുന്ന വെപ്പാട്ടികളുടെ സംഖ്യ എഴുനൂറാണ്. ഇതെല്ലാം ഇസ്രാഈലീ ഇതിഹാസങ്ങൾ മാത്രമാകുന്നു. പ്രബലമായിട്ടുള്ളതും പ്രമുഖ പണ്ഡിതന്മാർ സ്വീകരിച്ചിട്ടുള്ളതും ആദ്യം പറഞ്ഞ വ്യാഖ്യാനമാകുന്നു.

الَّذِينَ خَلَوْا مِن قَبْلُ എന്ന് വിശേഷിപ്പിക്കപ്പെട്ടവർ തന്നെയാണ് الَّذِينَ يُبَلِّغُونَ رِسَالَاتِ اللَّهِ എന്നും വിശേഷിപ്പിക്കപ്പെടുന്നവർ. അതായത്, അല്ലാഹുവിന്റെ നടപടിക്രമത്തിനു വിധേയരായ പൂർവ പ്രവാചകന്മാർ ജനങ്ങളിൽ ദൈവിക സന്ദേശം പ്രചരിപ്പിക്കുന്നവരും ആ ദൗത്യം നിർവഹിക്കുന്നതിൽ അല്ലാഹുവിനെ മാത്രം ഭയപ്പെടുകയും അവനല്ലാത്ത മറ്റാരെയും ഭയപ്പെടാതിരിക്കുകയും ചെയ്തുകൊണ്ട് മുന്നേറിയവരുമായിരുന്നു. ആ മഹിത മാതൃകയാണ് അന്ത്യപ്രവാചകനും പിന്തുടരേണ്ടത്. പ്രവാചകൻ തന്റെ ദൗത്യം ഭംഗിയായി നിർവഹിക്കുന്നുണ്ടോ, പ്രശ്നങ്ങളും പ്രയാസങ്ങളും ഭയന്ന് അതിൽ വീഴ്ച വരുത്തുന്നുണ്ടോ എന്ന് നിരീക്ഷിക്കാനും കണിശമായി വിചാരണ ചെയ്യാനും തികച്ചും മതിയായവനാകുന്നു അല്ലാഹു. ഈ സൂക്തത്തിലെ حَسِيب-ന്റെ പ്രചുരമായ ഭാഷാർഥം കണിശമായി വിചാരണ ചെയ്യുന്നവൻ എന്നാണ്. കൂടുതൽ സന്ദർഭോചിതമായിട്ടുള്ളതും ഈ അർഥമാണ്. എങ്കിലും സഹായി, ഉപകാരി (ناصر- معين) എന്നാണ് ഇബ്നുകസീറും സമഖ്ശരിയും അർഥം കൽപിച്ചിട്ടുള്ളത്. ഈ അർഥം സ്വീകരിക്കുകയാണെങ്കിൽ വചനതാൽപര്യം ജനങ്ങളുണ്ടാക്കുന്ന ആപത്തുകളിലും പ്രതിസന്ധികളിലും പ്രവാചകനെ സഹായിക്കാനും സംരക്ഷിക്കാനും മതിയായവനാകുന്നു അല്ലാഹു എന്നാകുന്നു. ●

---

مَّا كَانَ مُحَمَّدٌ أَبَآ أَحَدٍ مِّن رِّجَالِكُمْ وَلَٰكِن رَّسُولَ ٱللَّهِ وَخَاتَمَ ٱلنَّبِيِّـۧنَ ۗ وَكَانَ ٱللَّهُ بِكُلِّ شَىْءٍ عَلِيمًا ﴿٤٠﴾

40. മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റെയും പിതാവായിട്ടില്ല. പ്രത്യുത അദ്ദേഹം അല്ലാഹുവിന്റെ ദൂതനും അന്ത്യപ്രവാചകനുമാകുന്നു. അല്ലാഹു സകല സംഗതികളും ഏറ്റം അറിയുന്നവനല്ലോ.

**40**

مَّا كَانَ مُحَمَّدٌ = മുഹമ്മദ് ആയിട്ടില്ല أَبَا أَحَدٍ مِّن رِّجَالِكُمْ = നിങ്ങളിലുള്ള ഒരു പുരുഷന്റെയും പിതാവ്
وَلَٰكِن = പ്രത്യുത (അദ്ദേഹം) رَّسُولَ اللَّهِ = അല്ലാഹുവിന്റെ ദൂതനാകുന്നു
وَخَاتَمَ النَّبِيِّينَ = പ്രവാചകന്മാരിൽ അന്തിമനു(അന്ത്യപ്രവാചകനു)മാകുന്നു وَكَانَ اللَّهُ = അല്ലാഹു ആയി (കുന്നു)
بِكُلِّ شَيْءٍ = എല്ലാ സംഗതിക(ളും)ളെക്കുറിച്ചും عَلِيمًا = ഏറ്റം അറിവുള്ളവൻ

'മുഹമ്മദ് സ്വന്തം പുത്രന്റെ വിധവയെ വേട്ടിരിക്കുന്നു, നമ്മുടെ പാരമ്പര്യത്തിലെന്നപോലെ അയാൾ പ്രബോധനം ചെയ്യുന്ന നിയമാവലിയിലും അത് നിഷിദ്ധമാണെന്നിരിക്കെ' എന്ന് കപടന്മാരും കാഫിറുകളും ഉയർത്തിയ ആക്ഷേപത്തെ അസന്ദിഗ്ധമായി ഖണ്ഡിക്കുകയും മുഹമ്മദ്-സൈനബ് വിവാഹത്തിലൂടെ ഇസ്‌ലാം ലക്ഷ്യമാക്കുന്നതെന്താണെന്ന് സൂചിപ്പിക്കുകയുമാണ് ഈ സൂക്തം. മുഹമ്മദ് നബി നാട്ടിൽ ഒരു പുരുഷന്റെയും പിതാവല്ല. ആൺകുട്ടി പ്രായപൂർത്തിയാകുമ്പോഴാണ് رجل- പുരുഷൻ ആകുന്നത്. മുഹമ്മദ് നബിക്ക് നാല് ആൺമക്കളും നാലു പെൺമക്കളും പിറന്നെങ്കിലും ആൺമക്കൾ നാലു പേരും ബാല്യം പിന്നിടുന്നതിനു മുമ്പേ മരിച്ചുപോയി. അവരാരും വിവാഹിതരായിട്ടില്ല. ഒരു പുരുഷന്റെയും പിതാവായിട്ടില്ലാത്ത ഒരാൾക്ക് എങ്ങനെയാണ് പുത്രവധുവുണ്ടാവുക. ഒരുവൻ മറ്റൊരുവനെ പുത്രനായി വരിച്ചിരിക്കുന്നു എന്നു പറഞ്ഞതുകൊണ്ട് അവർ തമ്മിൽ പിതൃ-പുത്ര ബന്ധമേ ഉണ്ടാകുന്നില്ല. ദത്തുപുത്രൻ ആരുടെ ബീജത്തിൽനിന്നാണോ

ജനിച്ചത് അയാൾ മാത്രമായിരിക്കും എന്നും അവന്റെ പിതാവ്. ആളുകൾ ദത്തുപുത്രനെ ഔരസപുത്രനായി അംഗീകരിച്ചാലും ഈ യാഥാർഥ്യത്തിന് ഒരു മാറ്റവുമുണ്ടാവില്ല. അതുകൊണ്ട് മുഹമ്മദ് നബി വിവാഹം ചെയ്ത സൈനബ് അദ്ദേഹത്തിന്റെ പുത്രന്റെ വിവാഹമുക്തയല്ല. പ്രത്യുത സഅ്ലബ് ഗോത്രത്തിലെ ഹാരിസയുടെ പുത്രൻ സൈദിന്റെ വിവാഹമുക്തയാണ്. വല്ല ബന്ധവുമുണ്ടെങ്കിൽ അത് സൈദുമായിട്ടല്ല; സൈനബുമായിട്ടാണ്. പ്രവാചകന്റെ പിതൃസഹോദരിയുടെ പുത്രിയാണവർ.

സൈദ് വിവാഹമോചനം ചെയ്ത സ്ത്രീ പ്രവാചക പുത്രന്റെ വിധവയാവില്ല എന്നു സമ്മതിച്ചാൽ തന്നെ ആ സ്ത്രീയെ പ്രവാചകൻ തന്നെ വിവാഹം ചെയ്യേണ്ടതുണ്ടായിരുന്നുവോ, അവർ പുനർവിവാഹം ആഗ്രഹിക്കുന്നുവെങ്കിൽ അനുയോജ്യനായ മറ്റാർക്കെങ്കിലും വിവാഹം ചെയ്തുകൊടുക്കാമായിരുന്നില്ലേ എന്നു ചോദിച്ചേക്കാം. അതിനുള്ള മറുപടിയാണ് وَلَٰكِن رَّسُولَ اللَّهِ وَخَاتَمَ النَّبِيِّينَ എന്ന വാക്ക്. മുഹമ്മദ് നബി (സ) അല്ലാഹുവിന്റെ ദൂതനാകുന്നു. അല്ലാഹു അനുശാസിക്കുന്ന നിയമങ്ങളും നിർദേശങ്ങളും പ്രബോധനം ചെയ്യുക മാത്രമല്ല, പ്രവർത്തിച്ചു കാണിക്കുക കൂടി അദ്ദേഹത്തിന്റെ ദൗത്യമാകുന്നു. ദത്തുപുത്രന്റെ വിധവ ദത്തുപിതാവിന് നിഷിദ്ധയാകാതിരിക്കുക എന്നത് ദത്തുപുത്രൻ ഒരിക്കലും ഔരസപുത്രനാകുന്നില്ല എന്ന വിധിയുടെ അനിവാര്യതയാണ്. ഇല്ലെങ്കിൽ ദത്തുപുത്രൻ ഔരസപുത്രനാകുന്നില്ലെങ്കിലും അയാളുടെ വിധവ ഔരസപുത്രന്റെ വിധവക്ക് തുല്യയാകുന്നു എന്നു വന്നു കൂടും. ദത്തുപുത്രൻ സ്വന്തം പുത്രൻ തന്നെ എന്ന നിലപാടിനേക്കാൾ വലിയ മൗഢ്യമാണല്ലോ ഈ നിലപാട്. വംശപാരമ്പര്യത്തിലൂടെയും വിവാഹത്തിലൂടെയും മാത്രം സ്ഥാപിതമാകുന്നതാണ് കുടുംബബന്ധം. പരസ്പരം യാതൊരു ബന്ധവുമില്ലാത്ത ചിലയാളുകൾ മറ്റു ചിലയാളുകളെ തങ്ങളുടെ പുത്രന്മാരും പിതാക്കളുമായി പ്രസ്താവിക്കുന്നതിലൂടെ സ്ഥാപിതമാകുന്നത് കൃത്രിമമായ കുടുംബമാകുന്നു. അടിവേരില്ലാത്ത വൃക്ഷം പോലെ ഏതു നിമിഷത്തിലും കടപുഴകി വീഴുന്ന അസ്ഥിരവും അടിസ്ഥാനരഹിതവുമായ കുടുംബമാണത്. മാത്രമല്ല, സുസ്ഥിരവും യഥാർഥവുമായ കുടുംബത്തെ അത് ശിഥിലമാക്കുകയും ചെയ്യും. ഈ കുഴപ്പം ആധുനിക ലോകം അനുഭവിച്ചുതുടങ്ങിയിരിക്കുന്നു.

അനപത്യദുഃഖമനുഭവിക്കുന്നവർ ആശ്വാസത്തിനുവേണ്ടി കുട്ടികളെ ദത്തെടുക്കുന്നത് മനസ്സിലാക്കാം. എന്നാൽ ഗർഭം ധരിക്കുക, പ്രസവിക്കുക, മുലയൂട്ടി പരിപാലിക്കുക തുടങ്ങിയ ബുദ്ധിമുട്ടുകളൊഴിവാക്കുന്നതിനുവേണ്ടി സ്വന്തം മക്കൾ വേണ്ടെന്നുവെക്കുകയും പകരം അന്യരുടെ മക്കളെ ദത്തെടുക്കുകയും ചെയ്യുന്ന ദമ്പതികൾ ഏറിവരികയാണ്. കുട്ടികൾ വിലയേറിയ കച്ചവടച്ചരക്കായി മാറിക്കൊണ്ടിരിക്കുന്നു. ശിശുമോഷണവും പെരുകി വരുന്നു. വേരറ്റ കുടുംബങ്ങളാണ് ഇതുവഴി ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

ദത്തുമക്കൾ ബന്ധത്തിലും അവകാശബാധ്യതകളിലും ഔരസമക്കൾക്കു തുല്യരാണെന്ന സങ്കൽപത്തെ ഇസ്‌ലാം നിഷേധിക്കുന്നതെന്തുകൊണ്ടാണെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു. സൈദു ബ്നു ഹാരിസ സൈനബുമായുള്ള ദാമ്പത്യം അവസാനിപ്പിച്ചത്, ഈ ജാഹിലീ അന്ധവിശ്വാസം ഫലപ്രദമായും പ്രായോഗികമായും തകർക്കാൻ ഏറ്റവും പറ്റിയ സന്ദർഭമായിരുന്നു. സൈദിന്റെ ദത്തുപിതാവ് ദൈവദൂതനായതുകൊണ്ട് ഇതുസംബന്ധിച്ച ദൈവിക നിയമം പ്രാവർത്തികമാക്കി കാണിക്കേണ്ടത് അദ്ദേഹത്തിന്റെ ഉത്തരവാദിത്തമായി. പ്രവാചകൻ ലോകാപവാദം ഭയന്ന് അത് ചെയ്യാതിരുന്നാൽ ദൈവിക നിയമത്തെക്കാൾ മാനിക്കപ്പെടേണ്ടതാണ് ജനാഭിപ്രായം എന്ന സന്ദേശമാണത് സമൂഹത്തിനു നൽകുക. സൈനബിനെ മറ്റാരെങ്കിലും വിവാഹം ചെയ്താലും ഇല്ലെങ്കിലും ഈ സന്ദേശം നിലനിൽക്കും. കാലാന്തരത്തിൽ وَمَا جَعَلَ أَدْعِيَاءَكُمْ أَبْنَاءَكُمْ- അല്ലാഹു നിങ്ങളുടെ ദത്തുപുത്രന്മാരെ നിങ്ങളുടെ ഔരസപുത്രന്മാരാക്കിയിട്ടില്ല- എന്ന തത്ത്വം പലവിധ വ്യാഖ്യാനങ്ങൾക്കു വിധേയമാവുകയും ദത്തുപുത്രന്മാരെ സംബന്ധിച്ച ജാഹിലീ സങ്കൽപം പഴയപടി നിലനിൽക്കുകയും ചെയ്യും. പ്രവാചകൻ സൈദിന്റെ പിതൃത്വത്തിൽനിന്ന് ഒഴിവായതോടൊപ്പം അദ്ദേഹത്തിന്റെ വിധവയെ വിവാഹം ചെയ്യുകയും അത് വൻവിവാദമാവുകയും ചെയ്തതോടെ ആ അന്ധവിശ്വാസത്തെ താങ്ങിനിർത്തുന്ന വ്യാഖ്യാനങ്ങൾക്കൊന്നും പഴുതില്ലാതായി.

മുഹമ്മദ് (സ) അമ്പിയാക്കളിൽ അന്തിമനാകുന്നു എന്നത് ഈ ജാഹിലിയ്യത്തിന്റെ നിർമാർജനം അദ്ദേഹത്തിലൂടെ തന്നെ നടക്കേണ്ടത് അനിവാര്യമാക്കിത്തീർത്തു. അദ്ദേഹത്തിനുശേഷം ഇത് പഠിപ്പിക്കാൻ മറ്റൊരു നബി വരാനില്ല. അല്ലാഹുവിങ്കൽനിന്ന് വെളിപാട് ലഭിക്കുകയും വേദവും ശരീഅത്തും പ്രബോധനം ചെയ്യുകയും പ്രവചനങ്ങൾ നടത്തുകയും ചെയ്യുന്നവരെല്ലാം നബിമാർ-പ്രവാചകന്മാർ- ആകുന്നു. അമ്പിയാക്കൾ പ്രബോധനം ചെയ്യുന്ന വേദവും ശരീഅത്തും അല്ലാഹു അവർക്ക് നേരിട്ടു നൽകിയതാവണമെന്നില്ല. വെളിപാട് ലഭിക്കുകയും മുൻ പ്രവാചകന്മാരുടെ വേദവും ശരീഅത്തും പ്രചരിപ്പിക്കുകയും ചെയ്യുന്നവരും നബിമാരാകുന്നു. റസൂൽ നബിയേക്കാൾ ഒരു പടി മുകളിലാണ്. വേദവും ശരീഅത്തും കൊണ്ട് ആഗതരായ നബിമാരാണ് റസൂലുകൾ. എല്ലാ മുർസലുകളും അമ്പിയാക്കളാണ്. എല്ലാ അമ്പിയാക്കളും റസൂലുകളായിരിക്കുകയില്ല. അതിനാൽ മുഹമ്മദ് (സ) അമ്പിയാക്കളിൽ അന്തിമനാകുന്നതിന്റെ അനിവാര്യതയാണ് അദ്ദേഹം മുർസലുകളിലും അന്തിമനാവുക എന്നത്. മുഹമ്മദ് നബി പ്രവാചകന്മാരിൽ അന്തിമനാണ് എന്നേ ഖുർആൻ പറഞ്ഞിട്ടുള്ളൂ; റസൂലുകൾ ഇനിയുമുണ്ടാവാം എന്ന് വാദിക്കുന്നത് അസ്തമനം പകലിന്റെ അവസാനമാണ്, മധ്യാഹ്നം ഇനിയും അവശേഷിക്കാം എന്നു പറയുന്നതുപോലെ നിരർഥകമാകുന്നു.

മൂലത്തിലെ خَاتَم-ന് خَتْم എന്നും خِتَام എന്നും പാഠമുണ്ട്. മൂന്നിന്റെയും അർഥം ഒന്നുതന്നെ. അന്തിമം, പര്യവസാനം, അനന്തരഫലം. സംഘത്തിലെ അവസാനത്തെയാൾ خَاتَم القوم -ഉം പ്രവൃത്തിയുടെ പര്യവസാനം خَاتَم العَمَل -ഉം കത്തുകളുടെ സമാപനം (ഒപ്പും സീലും) خَاتَم-ഉം ആകുന്നു. ഖുർആൻ ആദ്യന്തം പാരായണം ചെയ്യുന്നതിന് خَتْمُ القرآن എന്നു പറയും. ഒരു സംഗതി, അതിലേക്ക് ഇനിയൊന്നും ചേരാനില്ലാത്തവിധം സമ്പൂർണമാകലാണ് ختم എന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു. ഇതുപ്രകാരം മുഹമ്മദ് (സ) خاتم النّبيّين ആകുന്നു എന്നതിനർഥം പ്രവാചകത്വപരമ്പര അതിലേക്ക് ഇനിയൊരു കണ്ണിചേരാനില്ലാത്തവിധം സമ്പൂർണമായിരിക്കുന്നു എന്നാണ്. പര്യവസാനത്തെ കുറിക്കുന്നത് എന്ന ആശയത്തെ ആസ്പദമാക്കിയാണ് خَاتَم-ന് മുദ്ര എന്ന അർഥം വന്നത്. ഒരു സംഗതി അവസാനിക്കുമ്പോഴും അടച്ചുപൂട്ടുമ്പോഴുമാണല്ലോ അത് സീൽ ചെയ്യുക. മുഹമ്മദ് നബി(സ) പ്രവാചകന്മാരുടെ സീലാണ് എന്ന അർഥത്തിലെടുത്താലും അദ്ദേഹത്തിനു ശേഷം പ്രവാചകന്മാർ വരാനില്ല എന്നുതന്നെയാണ് ആശയം. ختام -ന്റെ ക്രിയാരൂപമാണ് خَتَمَ (അവസാനിപ്പിച്ചു, മുദ്രവെച്ചു). 2:7-ൽ സത്യധർമങ്ങൾ മനഃപൂ

ർവം തള്ളിക്കളയുന്നവരുടെ മനസ്സുകൾ സത്യവിശ്വാസത്തിനു കടന്നുചെല്ലാനാവാത്തവണ്ണം അടച്ചുപൂട്ടപ്പെട്ടിരിക്കുന്നു എന്ന അർഥത്തിൽ خَتَمَ اللَّهُ عَلَىٰ قُلُوبِهِمْ - അല്ലാഹു അവരുടെ ഹൃദയങ്ങൾ സീൽ ചെയ്തിരിക്കുന്നു- എന്നു പറയുന്നുണ്ട്. 45:23-ലും ഇതേ അർഥത്തിൽ ഈ പദം ഉപയോഗിച്ചതു കാണാം. 36:65-ൽ വിചാരണാനാളിൽ പാപികൾക്ക് സംസാരിക്കാൻ കഴിയാതാകുന്നതിനെക്കുറിച്ച് الْيَوْمَ نَخْتِمُ عَلَىٰ أَفْوَاهِهِمْ - അന്ന് നാം അവരുടെ വായ്കൾ സീൽ ചെയ്യുന്നു- എന്ന് പറഞ്ഞിരിക്കുന്നു. 83:25-ലും 8:26-ലും ആർക്കും കൈകടത്താനോ കലർപ്പുകൾ ചേരാനോ സാധ്യമല്ലാത്തവണ്ണം ഭദ്രമായി അടച്ചു സൂക്ഷിക്കുന്നത് എന്ന അർഥത്തിൽ സ്വർഗീയ പാനീയങ്ങളെ رحيق مختوم - സീൽ ചെയ്യപ്പെട്ട വീഞ്ഞ്- എന്നും خِتَامُه مِسْكٌ -അതിന്റെ സീൽ കസ്തൂരി കൊണ്ടാകുന്നു- എന്നും വർണിച്ചിരിക്കുന്നു. خَاتم-നെ മുദ്ര എന്ന അർഥത്തിലെടുത്താലും അതിന്റെ കാതലായ ആശയം പര്യവസാനവും പരിപൂർണ വിരാമവുമാകുന്നു എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. പ്രവാചകത്വ പരമ്പര പര്യവസാനിച്ച കാര്യം വ്യാജ പ്രവാചകന്മാരും അവരുടെ ശിങ്കിടികളുമല്ലാത്ത എല്ലാ ഇസ്‌ലാമിക പണ്ഡിതന്മാരും ഏകകണ്ഠമായി അംഗീകരിച്ചിട്ടുള്ളതാണ്. പുതിയ പ്രവാചകത്വം വാദിക്കുന്നതും അതിൽ വിശ്വസിക്കുന്നതും കുഫ്റ് -സത്യനിഷേധം- ആണെന്നും പറഞ്ഞിരിക്കുന്നു. ആദ്യകാലത്ത് പ്രവാചകത്വം അവകാശപ്പെട്ട് രംഗപ്രവേശം ചെയ്ത മുസൈലിമക്കും അനുയായികൾക്കുമെതിരെ ഖലീഫ അബൂബക്ർ(റ) യുദ്ധം ചെയ്യുകയുണ്ടായി. ആധുനിക കാലത്തെ പുത്തൻ പ്രവാചകത്വവാദികളായ ബഹായികളെയും ഖാദിയാനികളെയും പൊതു മുസ്‌ലിം സമൂഹം മുസ്‌ലിം ഉമ്മത്തിൽനിന്ന് പുറത്തുപോയവരായിട്ടാണ് കണക്കാക്കുന്നത്.

പുത്തൻ പ്രവാചകത്വവാദികൾ പ്രകൃത സൂക്തത്തിലെ خاتم-ന് മുദ്ര എന്ന് അർഥം കൽപിക്കുകയും മുഹമ്മദ് നബിക്കു ശേഷം ആഗതരാകുന്ന പ്രവാചകന്മാരെല്ലാം അദ്ദേഹത്തിന്റെ മുദ്രപതിച്ചിട്ടാണ് പ്രവാചകന്മാരാവുക എന്ന് വ്യാഖ്യാനിക്കുകയും ചെയ്തിരിക്കുന്നു. മുഹമ്മദീയ മുദ്രയില്ലാത്തവർ വ്യാജ പ്രവാചകന്മാരായിരിക്കും. പ്രഭാഷണ വിഷയവും വചന പശ്ചാത്തലവും പരിഗണിക്കുമ്പോൾ ഈ സന്ദർഭത്തിൽ ഇങ്ങനെയൊരു പ്രസ്താവന തികച്ചും അസംഗതമാകുന്നു. ഈ വ്യാഖ്യാനം ശരിയെന്നു സമ്മതിച്ചാൽ ഭാവി പ്രവാചകന്മാരുടെ ആഗമനവും അവരിൽ വിശ്വസിക്കലും അതീവ ഗുരുതരമായ കാര്യമാണ്. അതുകൊണ്ടുതന്നെ അവരുടെ പ്രവാചകത്വ ലക്ഷണമായ മുഹമ്മദീയ മുദ്രയും അതിന്റെ തിരിച്ചറിവുമാകുന്ന താക്കോൽ വളരെ പ്രധാനമാകുന്നു. എന്താണ് മുഹമ്മദീയ മുദ്രയെന്നും അതെങ്ങനെ തിരിച്ചറിയാമെന്നും ഖുർആൻ തന്നെ വ്യക്തമാക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ തങ്ങൾക്കു തോന്നുന്ന എന്തെങ്കിലുമൊക്കെ ചൂണ്ടിക്കാട്ടി ഇതാണെന്റെ മുദ്ര എന്നു പറഞ്ഞുകൊണ്ട് ആർക്കും പ്രവാചകത്വം അവകാശപ്പെടാമല്ലോ. സംഭവിക്കുന്നതും അതാണ്.

ഈ സന്ദർഭത്തിലെ خاتم-ന് ശ്രേഷ്ഠൻ എന്നു ചിലർ അർഥം കൽപിക്കുന്നു. خَاتَمَ النَّبِيِّينَ എന്നാൽ പ്രവാചകശ്രേഷ്ഠനാണ് മുഹമ്മദ് (സ) എന്നാണാശയം. അദ്ദേഹത്തിനു ശേഷം പ്രവാചകന്മാർ വരുന്നതിനെ അത് നിഷേധിക്കുന്നില്ല- ഭാഷാ ശാസ്ത്രം ഈ പദത്തിന് ഇങ്ങനെയൊരർഥം പറയുന്നില്ല എന്നതിരിക്കട്ടെ, മറ്റു പലയിടങ്ങളിലും ഖുർആൻ ختم ഉപയോഗിച്ചിട്ടുള്ളത് ഏതർഥത്തിലാണോ ആ അർഥത്തിനെതിരാവുകയും ചെയ്യും. ഉദാഹരണമായി الْيَوْمَ نَخْتِمُ عَلَىٰ أَفْوَاهِهِمْ എന്നാൽ അന്ന് നാം അവരുടെ വായ്കളെ ശ്രേഷ്ഠമാക്കുന്നുവെന്നും خَتَمَ اللَّهُ عَلَىٰ قُلُوبِهِمْ എന്നാൽ അല്ലാഹു അവരുടെ മനസ്സുകളിൽ മഹത്വമണക്കുന്നു എന്നും അർഥമാകും. യഥാർഥത്തിൽ പ്രവാചകത്വ പരിസമാപ്തിയെ അസന്ദിഗ്ധമായി സ്ഥിരപ്പെടുത്തുന്ന സൂക്തമാണിത്. തനിക്കുശേഷം പ്രവാചകന്മാർ വരില്ലെന്ന് നബി(സ)യും ആവർത്തിച്ചുറപ്പിച്ചു പ്രസ്താവിച്ചിരിക്കുന്നു. ചില ഉദാഹരണങ്ങൾ:

നബി(സ) പ്രസ്താവിച്ചതായി ബുഖാരി ഉദ്ധരിക്കുന്നു:

''ഇസ്രാഈല്യരെ ഭരിച്ചിരുന്നത് പ്രവാചകന്മാരാണ്. ഓരോ പ്രവാചകനും മരിക്കുമ്പോൾ മറ്റൊരു പ്രവാചകൻ പിൻഗാമിയായി വരും. എന്നാൽ എനിക്കുശേഷം പ്രവാചകൻ ഇല്ല തന്നെ. ഖലീഫമാർ (പ്രതിനിധികൾ) ഉണ്ടായിരിക്കും.''

وَأَنَا اللَّبِنَةُ وَأَنَا خَاتَمُ النَّبِيِّينَ''എന്നിലൂടെ കെട്ടിടം പൂർത്തിയായി അവസാനം വെക്കേണ്ട കല്ല് അഥവാ പ്രവാചകന്മാരിൽ അന്തിമനാകുന്നു ഞാൻ'' എന്നാണ് ഒരു നിവേദനത്തിലുള്ളത്. ഇമാം മുസ്‌ലിമും അബൂദാവൂദും ഉദ്ധരിക്കുന്ന ദീർഘമായ ഒരു ഹദീസ് ഉപസംഹരിക്കുന്നതിങ്ങനെയാണ്: فجئت فختمت الأنبياء(അങ്ങനെ ഞാൻ സമാഗതനായി പ്രവാചക പരമ്പര അവസാനിപ്പിച്ചു). ختم بي الأنبياء-എന്നിലൂടെ പ്രവാചകത്വപരമ്പര പൂർത്തിയായി- എന്നാണ് അബൂദാവൂദിന്റെ നിവേദനത്തിലുള്ളത്. ഇതുപോലുള്ള നിരവധി നബിവചനങ്ങൾ വേറെയുമുണ്ട്. ആധികാരികമായ യാതൊരു പ്രമാണവുമില്ലാതെ ഖുർആനിനും സുന്നത്തിനും നൽകുന്ന ബാലിശമായ വ്യാഖ്യാനങ്ങളിലൂടെ മാത്രം നിലനിൽക്കുന്നതാണ് മുഹമ്മദ് നബി(സ)ക്കു ശേഷം പ്രവാചകത്വം അവകാശപ്പെട്ട എല്ലാ വ്യാജന്മാരും അവർ രൂപീകരിച്ച മതങ്ങളും.

ഖണ്ഡിതമായ പ്രമാണങ്ങൾക്കു മുമ്പിൽ പിടിച്ചുനിൽക്കാനാവില്ലെന്നു കണ്ട് ചിലർ ഇങ്ങനെയും വാദിക്കുന്നുണ്ട്: നുബുവ്വത്ത് (പ്രവാചകത്വം) പല തരമുണ്ട്. ചിലത് അത്യുന്നതമായത്. ചിലത് താഴെക്കിടയിലുള്ള ഷാഡോ- الظِّلّ പ്രവാചകത്വവും.

ഖുർആനും സുന്നത്തും പരാമർശിക്കുന്ന ഉന്നത നുബുവ്വത്തല്ല ഞങ്ങൾക്കുള്ളത്, അതിനു താഴെയുള്ള ഷാഡോ നുബുവ്വത്താണ് ഞങ്ങളുടേത്. പ്രവാചകന്മാരിൽ ചിലർ ചിലരേക്കാൾ ശ്രേഷ്ഠരാണെന്ന കാര്യം ഖുർആൻ വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്: وَلَقَدْ فَضَّلْنَا بَعْضَ النَّبِيِّينَ عَلَىٰ بَعْضٍ (തീർച്ചയായും ചില പ്രവാചകന്മാരെ നാം ചിലരേക്കാൾ ശ്രേഷ്ഠരാക്കിയിരിക്കുന്നു - 17;55).

تِلْكَ الرُّسُلُ فَضَّلْنَا بَعْضَهُمْ عَلَىٰ بَعْضٍ (ആ ദൈവദൂതന്മാരിൽ ചിലരെ നാം മറ്റു ചിലരേക്കാൾ ശ്രേഷ്ഠരാക്കിയിരിക്കുന്നു - 2:253). ഓരോ പ്രവാചകനെയും പ്രബോധന മണ്ഡലത്തിന്റെ വ്യാപ്തി, ദൗത്യത്തിന്റെ ഗൗരവം, അതു നിർവഹിക്കുന്നതിനു അർപ്പിക്കേണ്ട ത്യാഗവും കഠിനാധ്വാനവും, നേരിടേണ്ടിവന്ന പ്രതിസന്ധികൾ തുടങ്ങിയവയാണ് ഈ ശ്രേഷ്ഠതയുടെ മാനദണ്ഡം. ചില പ്രവാചകന്മാർക്ക് നുബുവ്വത്തിനോടൊപ്പം രിസാലത്തും ഉണ്ട് എന്നതും ശ്രേഷ്ഠതയാണ്. ഏറ്റവും മഹാന്മാരായ പ്രവാചകവര്യന്മാർ اولو العزم എന്ന് വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നു.

എന്നാൽ നുബുവ്വത്ത് ഒന്നേയുള്ളൂ. അല്ലാഹുവിനാൽ നിയുക്തനാവുകയും അവനിൽനിന്ന് വെളിപാട് ലഭിക്കുകയുമാണത്. ഈ നിയോഗത്തോടും വെളിപാടിനോടുമുള്ള സമൂഹത്തിന്റെ സമീപനവും സാഹചര്യവുമനുസരിച്ചാണ് ചില നബിമാർ കൂടുതൽ മഹനീയരാകുന്നത്. അല്ലാതെ, ഉയർന്നതും താഴ്ന്നതുമായ പലതരം നുബുവ്വത്തുകളുള്ളതുകൊണ്ടല്ല. ജനങ്ങൾ പാർലമെന്റിലേക്ക് തെരഞ്ഞെടുത്തയക്കുന്ന എല്ലാ എം.പിമാരും തുല്യമായ പദവിയും അവകാശബാധ്യതകളുമുള്ളവരാണ്. അ

വരിൽ ചിലർ കാബിനറ്റ് മന്ത്രിമാരും ചിലർ സഹമന്ത്രിമാരും ചിലർ സാദാ മെമ്പർമാരുമാകുന്നത് ഉയർന്നതും താഴ്ന്നതുമായ പലതരം പാർലമെന്റംഗത്വമുള്ളതുകൊണ്ടല്ല, ചിലർക്ക് കൂടുതൽ രാഷ്ട്രീയ സ്വാധീനവും ഭരണ വൈദഗ്ധ്യവുമുള്ളതുകൊണ്ട്, അല്ലെങ്കിൽ കൂടുതൽ മികച്ച ജനസേവകരും ജനപ്രിയ നേതാക്കളുമായതുകൊണ്ടാണ്. എം.പിമാർ എന്ന നിലയിൽ എല്ലാവരും തുല്യരാകുന്നു. ഇതുതന്നെയാണ് പ്രവാചകന്മാർക്കിടയിലുള്ള പദവിവ്യത്യാസത്തിന്റെയും അവസ്ഥ. തനിക്കുശേഷം പ്രവാചകന്മാർ വരില്ല എന്നു മാത്രമല്ല പ്രവാചകൻ പറഞ്ഞിട്ടുള്ളത്, തന്റെ ആഗമനത്തോടെ രിസാലത്തും നുബുവ്വത്തും പൂർണമായി അവസാനിച്ചിരിക്കുന്നുവെന്നും അസന്ദിഗ്ധമായി പ്രസ്താവിച്ചിരിക്കുന്നു.

إِنَّ الرِّسَالَةَ وَالنُّبُوَّةَ قَدِ انْقَطَعَتْ فَلاَ رَسُولَ بَعْدِي وَلاَ نَبِيَّ (രിസാലത്തും നുബുവ്വത്തും അവസാനിച്ചുകഴിഞ്ഞിരിക്കുന്നു. ഇനി എനിക്കുശേഷം റസൂലോ പ്രവാചകനോ വരാനില്ല). പൂർവകാല പ്രവാചകന്മാരുടെ ചരിത്രം പരിശോധിച്ചാൽ അവരിൽ മിക്കവരും തങ്ങൾക്കു ശേഷമുണ്ടാകുന്ന പ്രവാചകാഗമനം പ്രവചിച്ചിരുന്നതായി കാണാം. മൂസാ(അ)യുടെ അത്തരം പ്രവചനം തൗറാത്തിലും ഈസാ നബി(അ)യുടെ പ്രവചനം ഇഞ്ചീലിലും വായിക്കാം. ആവർത്തനപുസ്തകം 18:17 വചനങ്ങളും യശയ്യ 2:4 വചനങ്ങളും *ഖുർആൻ ബോധനം അൽഅഅ്റാഫ്* 157-ാം സൂക്തത്തിന്റെ വിശദീകരണത്തിൽ ഉദ്ധരിച്ചിരിക്കുന്നു. ഈസാ(അ) മുഹമ്മദീയ പ്രവാചകത്വം പ്രവചിച്ചത് ഖുർആൻ 61:6-ൽ ഉദ്ധരിച്ചിരിക്കുന്നു. മുഹമ്മദ് നബിക്കുശേഷം പ്രവാചകത്വം തുടരുമായിരുന്നുവെങ്കിൽ അദ്ദേഹം അത് പ്രവചിക്കുകയും, ഭാവിയിൽ ആഗതനാകുന്ന പ്രവാചകനെ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യണമെന്ന് ശിഷ്യന്മാരോട് വസ്വിയ്യത്ത് ചെയ്യുകയും ചെയ്യുമായിരുന്നു. അങ്ങനെയൊരു വസ്വിയ്യത്ത് ഉണ്ടായില്ലെന്നു മാത്രമല്ല, തനിക്കുശേഷം പ്രവാചകന്മാർ വരാനില്ലെന്ന് ഉറപ്പിച്ചും തറപ്പിച്ചും പറയുകയാണ് അദ്ദേഹം ചെയ്തത്.

ഖുർആൻ 5:3-ലെ, 'ഇന്ന് ഞാൻ നിങ്ങൾക്ക് ദീൻ പൂർത്തിയാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്കു സമ്പൂർണമാക്കുകയും ചെയ്തിരിക്കുന്നു' എന്ന വചനവും ഖുർആനിനു ശേഷം വേദത്തിന്റെയും പ്രവാചകന്റെയും ആഗമനത്തെ നിഷേധിക്കുന്നുണ്ട്. പ്രവാചക പരമ്പര നിലച്ചിട്ടില്ലെങ്കിൽ ദീൻ പൂർത്തിയാക്കിത്തന്നു എന്ന് അന്ന് അല്ലാഹു പ്രഖ്യാപിച്ചതു ശരിയല്ലെന്നും ദീനിന്റെ പൂർത്തീകരണത്തിന് ഒട്ടേറെ പ്രവാചകന്മാർ ഇനിയും വരേണ്ടതുണ്ടെന്നുമാണർഥം. അല്ലെങ്കിൽ അന്ന് ദീൻ പൂർത്തിയാക്കിയ ഗ്രന്ഥം-ഖുർആൻ-ഇന്നില്ലാതാവുകയോ പൈശാചിക കൈകടത്തലുകൾ മൂലം വികലമാവുകയോ ചെയ്തിരിക്കണം. ഖുർആന്റെ സംരക്ഷണം അല്ലാഹു നേരിട്ടേറ്റെടുത്തിരിക്കുന്നു: 'ഈ വേദം തീർച്ചയായും നാം തന്നെ അവതരിപ്പിച്ചതാകുന്നു. നാം തന്നെയാണതിന്റെ സംരക്ഷകനും' (15:9).

'ഇതൊരു അജയ്യ വേദം തന്നെയാകുന്നു. അതിൽ മുന്നിലൂടെയോ പിന്നിലൂടെയോ അസത്യം വരികയില്ല' (41: 41-42). വിശുദ്ധ ഖുർആനിലൂടെ ദീൻ പൂർത്തീകരിക്കപ്പെടുകയും ഖുർആൻ വള്ളിപുള്ളി വ്യത്യാസമില്ലാതെ തികച്ചും സുരക്ഷിതമായിരിക്കുകയും ചെയ്യുന്നുവെങ്കിൽ പിന്നെ പ്രവാചകാഗമനത്തിന് ഒരു പ്രസക്തിയുമില്ല. ഈ സാഹചര്യത്തിൽ പ്രവാചകൻ വന്നിട്ട് എന്തു ചെയ്യാനാണ്? മുൻകാലങ്ങളിൽ പ്രവാചകന്മാർ നിയുക്തരായിരുന്നത് അതിന് മുമ്പ് ആഗതരായ പ്രവാചകന്മാർ പ്രബോധനം ചെയ്ത വേദപ്രമാണങ്ങളും ശരീഅത്തും മൃതമാവുകയോ നിരാകരിക്കപ്പെടുകയോ ചെയ്ത സന്ദർഭങ്ങളിലാണ്. ദൈവിക സന്ദേശം വീണ്ടും പ്രബോധനം ചെയ്യുകയും ദൈവിക ധർമം പുനഃസ്ഥാപിക്കുകയുമായിരുന്നു അവരുടെ ദൗത്യം. മുഹമ്മദ് നബിക്കുശേഷം അദ്ദേഹം പ്രബോധനം ചെയ്ത വേദവും ശരീഅത്തും പൂർണമായി നിരാകരിക്കപ്പെടുകയോ വിസ്മൃതമാവുകയോ ചെയ്ത ഒരു സന്ദർഭം ചരിത്രത്തിൽ ഉണ്ടായിട്ടില്ല. ഇസ്‌ലാമിൽ വിശ്വസിക്കാത്തവർ ധാരാളമുണ്ട്. വിശ്വസിച്ചു എന്നവകാശപ്പെടുന്നവരിൽ ഖുർആനിൽനിന്നും ശരീഅത്തിൽനിന്നും വ്യതിചലിച്ചുപോയവർ വ്യാജപ്രവാചകന്മാരും അനുയായികളുമടക്കം ഏറെയാണ്. അതോടൊപ്പം തന്നെ ഖുർആൻ പിൻപറ്റുകയും പ്രബോധനം ചെയ്യുകയും ദൈവിക ശരീഅത്തിന് സാക്ഷികളായി വർത്തിക്കുകയും ചെയ്യുന്ന വലിയൊരു വിഭാഗം ലോകത്തിന്റെ നാനാഭാഗങ്ങളിലുമുണ്ട്. ഇനി ദീനീ പ്രബോധനത്തിന് പ്രവാചകന്മാരുടെ ആവശ്യമില്ല. പ്രവാചകന് അതിൽ പ്രത്യേകമായ ഒരു റോളുമില്ല. ദീനിന്റെ പ്രബോധനവും സംസ്ഥാപനവും പണ്ഡിതന്മാർക്കും പ്രബോധകർക്കും നിർവഹിക്കാവുന്നതേയുള്ളൂ. അവരാ ഉത്തരവാദിത്തം ഏറ്റെടുക്കണമെന്ന് അന്ത്യപ്രവാചകൻ നിർദേശിച്ചിട്ടുമുണ്ട്: اَلْعُلَمَاءَ وَرَثَةُ الأَنْبِيَاءِ (വിദ്വാന്മാർ പ്രവാചകന്മാരുടെ അനന്തരാവകാശികളാകുന്നു).

ദൈവത്തിൽനിന്ന് വെളിപാട് സ്വീകരിച്ച് ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുകയാണ് പ്രവാചകൻ ചെയ്യേണ്ട, മറ്റു വിശ്വാസികൾക്കു സാധ്യമല്ലാത്ത ഏക ദൗത്യം. ജനങ്ങൾക്ക് ആവശ്യമുള്ള വെളിപാടുകൾ ഖുർആനിന്റെയും സുന്നത്തിന്റെയും രൂപത്തിൽ സമൂഹത്തിൽ സജീവമായി നിലനിൽക്കുന്നുണ്ട്. അത് ഉൾക്കൊള്ളാനും കാലോചിതമായി വ്യാഖ്യാനിക്കാനും ജനങ്ങളെ പഠിപ്പിക്കാനും ഇസ്‌ലാമിക പണ്ഡിതന്മാരും പ്രസ്ഥാനങ്ങളുമുണ്ട്. അവർ അത് കുറ്റമറ്റ രീതിയിൽ നിർവഹിക്കുന്നുണ്ടോ എന്നത് മറ്റൊരു ചർച്ചയാണ്. ഏതായാലും പുതിയ പ്രവാചകത്വങ്ങൾക്ക് അതിൽ ഒന്നും ചെയ്യാനില്ല. നബി(സ)ക്കു ശേഷം പ്രവാചകൻ ചമഞ്ഞു വന്നവർ ഒന്നുകിൽ കാര്യലാഭത്തിനുവേണ്ടി വേഷം കെട്ടിയ തനി കപടന്മാരാണ്. സ്വന്തം ചിന്തകളിൽ ഭ്രമിച്ചുപോയ പാവങ്ങളുമുണ്ടാവാം. ചിലർ തികഞ്ഞ ചിത്തരോഗികളായിരിക്കും. അത്തരം വൈകൃതങ്ങളെ പ്രവാചകത്വമായി വാഴ്ത്താനും കുറേയാളുകൾ എന്നുമുണ്ടാകും.

താൻ സാക്ഷാൽ ദൈവം തന്നെയാണെന്ന് അവകാശപ്പെട്ടുവരുന്നവർക്കും ഈ ലോകത്ത് ധാരാളം ആരാധകരെ കിട്ടുന്നുണ്ടല്ലോ.

പ്രകൃത സൂക്തത്തിന്റെ വ്യാഖ്യാനത്തിന് അനുബന്ധമായി സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി തന്റെ *തഫ്ഹീമുൽ ഖുർആനിൽ* സുദീർഘമായ ഒരുപന്യാസം എഴുതിയിട്ടുണ്ട്. *ഖത്മുന്നുബുവ്വത്ത്* എന്ന പേരിൽ അത് സ്വതന്ത്ര പുസ്തകമായും പ്രസിദ്ധീകരിച്ചിരിക്കുന്നു. 'പ്രവാചകത്വ പരിസമാപ്തി' എന്ന പേരിൽ അതിന്റെ മലയാള പരിഭാഷ കോഴിക്കോട്ടെ ഐ.പി.എച്ച് പ്രസിദ്ധീകരിച്ചിരിക്കുന്നു.

മുഹമ്മദ് (സ) സൈനബിനെ വിവാഹം ചെയ്തത് യഥാർഥത്തിൽ എന്തിനു വേണ്ടിയാണെന്നും ആ വിവാഹത്തെച്ചൊല്ലി ബഹളം വെക്കുകയും അപകീർത്തികൾ പ്രചരിപ്പിക്കുകയും ചെയ്യുന്നത് ആരാണെന്നും അവരുടെ ചേതോവികാരം എന്താണെന്നുമൊക്കെ അല്ലാഹുവിന് നല്ലവണ്ണം അറിയാം, അതേച്ചൊല്ലി പ്രവാചകൻ വേപഥു കൊള്ളേണ്ട കാര്യമില്ല എന്നാണ് وَكَانَ اللَّهُ بِكُلِّ شَيْءٍ عَلِيمًا എന്ന സമാപന വാക്യത്തിന്റെ താൽപര്യം. ●